

# അവധിക്കാല വായന

കൂട്ടുകാരെ, വേനലവധിക്കാലം വന്നെത്തുകയാണ്. അവധിക്കാലമെന്ന് കേൾക്കുമ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയെത്തുന്നത് കൂട്ടുകാരുമൊത്തുള്ള കളികളാണ്. എന്നാൽ വിനോദത്തോടൊപ്പം വിജ്ഞാനപ്രദവും കൂടിയാക്കി മാറ്റുവാൻ നമുക്ക് ഈ വേനലവധിക്കാലത്തെ പ്രയോജനപ്പെടുത്താം.

വായനയാണ് ഈ അവധിക്കാലത്ത് ശ്രദ്ധിക്കേണ്ട കാര്യം. പലതരം വെക്കേഷൻ ക്ലാസുകളും ആക്റ്റിവിറ്റികളും നിങ്ങൾക്ക് ഉണ്ടാകാറുണ്ടെങ്കിലും എറ്റവും ശാന്തമായിരുന്നു വായിക്കാൻ കഴിയുന്ന നല്ല ഇടവേളയാണ് ഇത്.

വായനയെ വിജ്ഞാനത്തിന്റെ താക്കോൽ എന്നു വിളിക്കാം. കാരണം അതിലൂടെയാണ് നമുക്ക് മാറിക്കൊണ്ടിരിക്കുന്ന ലോകത്തേക്ക് പ്രവേശിക്കാൻ കഴിയുന്നത്.

എൽ.പി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള കുട്ടികൾ വായിച്ചിരിക്കേണ്ടതായ ഏതാനും ചില പുസ്തകങ്ങൾ നിർദ്ദേശിക്കുകയാണിവിടെ. ഇവ മാത്രമല്ല വായിക്കേണ്ടത്. ശ്രദ്ധിക്കപ്പെട്ട ചുരുക്കം പുസ്തകങ്ങൾ ഇവിടെ പറഞ്ഞു വെക്കുന്നുവെന്ന് മാത്രം.

● കെ.സി കരിങ്ങനാട്

# എൽ.പി തലം

- വിക്രമാദിത്യ കഥകൾ - പുനരാഖ്യാനം: സി. മാധവൻ പിള്ള
- കലീലയും വദിംനയും - ടി.കെ. ഉബൈദ്
- ആയിരത്തൊന്നു രാവുകൾ - പുനരാഖ്യാനം: പ്രൊ. എം. അച്യുതൻ
- ഒരു കുടയും കുഞ്ഞിപ്പെങ്ങളും - മുട്ടത്തുവർക്കി
- അമ്മയെത്തേടി- എൻ. എൻ അബ്ദുൽ ഗഫൂർ

# യു.പി തലം

- സമ്പൂർണ കൃതികൾ- വൈക്കം മുഹമ്മദ് ബഷീർ
- മഞ്ഞ്- എം.ടി വാസുദേവൻ നായർ- (നോവൽ)
- ദൈവത്തിന്റെ വികൃതികൾ (നോവൽ) എം. മുകുന്ദൻ
- അയൽക്കാർ (നോവൽ) -പി. കേശവദേവ്



# ഹൈസ്കൂൾ തലം

- ഉമ്മാച്ചു- ഉറൂബ്
- മയ്യഴിപ്പുഴയുടെ തീരങ്ങളിൽ- എം മുകുന്ദൻ
- രണ്ടാമൂഴം- എം.ടി വാസുദേവൻ നായർ
- പ്രകാശം പരത്തുന്ന പെൺകുട്ടി (ചെറുകഥകൾ) ടി.പത്മനാഭൻ
- ഖസാക്കിന്റെ ഇതിഹാസം- ഒ.വി വിജയൻ
- മരുഭൂമികൾ ഉണ്ടാകുന്നത് (നോവൽ) - ആനന്ദ്



## കവിതകൾ

- ചണ്ഡാല ഭിക്ഷുകി- കുമാരനാശാൻ
- രമണൻ- ചങ്ങമ്പുഴ
- ബദ്റുൽമുനീർ- മോയിൻകുട്ടി വൈദ്യർ
- ഉപ്പ്-ഒ.എൻ.വി കുറുപ്പ്
- അമ്പലമണി- സുഗതകുമാരി
- ബലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ
- അയ്യപ്പ പണിക്കരുടെ കൃതികൾ- അയ്യപ്പ പണിക്കർ